**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1468** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>താനൂർ കാർഷിക പുനരുദ്ധാരണ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. നവാസ് ശ്രീ. ടി. സിദ്ദീഖ്

(കൃഷി വകുപ്പ് മന്ത്രി)

**(എ)** കെ.എൽ.ഡി.സി.(കേരള ലാൻഡ് ഡെവലപ്മെന്റ് കോർപറേഷൻ) മുഖേന നബാർഡ് പദ്ധതി പ്രകാരം താനൂർ മണ്ഡലത്തിലെ ഒഴൂർ വില്ലേജിൽ മണലിപ്പുഴ കാർഷിക പുനരുദ്ധാരണ പദ്ധതി നബാർഡ് പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുമോ;

**<u>മറുപടി:</u>** താനൂർ മണ്ഡലത്തിലെ ഒഴൂർ വില്ലേജിൽ മണലിപ്പുഴ കാർഷിക പുനരുദ്ധാരണ പദ്ധതി നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXXII-ന്റെ പരിഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി കെ.എൽ.ഡി.സി. സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXXII സ്കീമിൽ ഉൾപ്പെടുത്തേണ്ട പദ്ധതികൾ ഏതൊക്കെയാണെന്ന് സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.

**(ബി)** കെ.എൽ.ഡി.സി. മുഖേന പൊതു കുളങ്ങൾ സംരക്ഷിക്കുന്നതിന് വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്തെ പൊതുകുളങ്ങൾ സംരക്ഷിക്കുന്നതിന് കൃഷി വകുപ്പിന്റെ കീഴിൽ കെ.എൽ.ഡി.സി മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് സഹസ്ര സരോവർ പദ്ധതി. സംസ്ഥാനത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുക, ശുദ്ധജല സംരക്ഷണം ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് കാർഷിക മേഖലയ്ക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന തരത്തിൽ കുളങ്ങൾ, ചിറകൾ തുടങ്ങിയ ജലസ്രോതസ്സുകൾ സംരക്ഷിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**സെക്ഷൻ ഓഫീസർ**